## പതിനാലാം കേരളനിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 6658 — 04.04.2018 -ൽ മറുപടിയ്ക്ക്

### പരീക്ഷാഭവനിൽ അപേക്ഷകളിലെ കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പരീക്ഷാഭവനിൽ എസ്.എസ്.എൽ.സി- സർട്ടിഫിക്കറ്റിലെ മേൽവിലാസം, ജനന തീയതി തുടങ്ങിയവയുടെ തിരുത്തിനായി എത്തുന്ന അപേക്ഷകൾ മാസങ്ങളോളം നടപടി എടുക്കാതെ ഉദ്യോഗസ്ഥർ സെക്ഷനുകളിൽ വച്ചിരിക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൂർണ്ണമായി ലഭിക്കുന്ന അപേക്ഷകൾക്ക് സേവനാകാശ നിയമ പ്രകാരം എസ്.എസ്.എൽ.സി. ഡ്യൂപ്ലിക്കേറ്റ് നൽകുന്നതിനും, സർട്ടിഫിക്കറ്റുകളിലെ ജനന തീയതി ഉൾപ്പെടെയുള്ള പിശകുകൾ തിരുത്തി നൽകുന്നതിനും, മാർച്ച് 2000 വരെ പരീക്ഷ എഴുതിയവരുടെ സർട്ടിഫിക്കറ്റുകൾക്ക് 90 ദിവസവും, 2001 മുതൽ പരീക്ഷ എഴുതിയവരുടെ സർട്ടിഫിക്കറ്റുകൾക്ക് 60 ദിവസവുമാണ് സമയപരിധി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ അപൂർണ്ണമായ അപേക്ഷയാണെങ്കിൽ (അനുബന്ധരേഖകൾ / സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ലെങ്കിൽ) മേൽ സൂചിപ്പിച്ച സമയപരിധി കഴിഞ്ഞു പോകാറുണ്ട്. |
| (ബി) ഇല്ലെങ്കിൽ രേഖാമൂലം പരാതി നൽകിയാൽ നടപടി സ്വീകരിക്കുമോ; | (ബി) സ്വീകരിക്കുന്നതാണ്. |
| (സി) ഈ അപേക്ഷകളിൽ പത്ത് ദിവസത്തിനകം തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ